പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ - 3274

14/07/2015 ൽ
മറുപടിയ്ക്ക്

## ഖാദിമേഖലയുടെ നവീകരണം

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

ഉത്തരം
ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ
വ്യവസായവുംവകുപ്പ് മന്ത്രി)

(എ) ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ അനുസരിച്ച് ഖാദി മേഖല നവീകരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ?

(എ) ഖാദി മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡുവായി അനുവദിച്ച 15.21 കോടി രൂപ ഉപയോഗിച്ച് താഴെ പറയുന്ന പദ്ധതികളാണ് സംസ്ഥാനത്തെ ഖാദി പ്രോജക്ടുകൾ വഴിയും ഖാദി സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1.പുതിയ 780 ചർക്കകൾ സ്ഥാപിക്കുക.

2.പുതിയ 650 തറികൾ സ്ഥാപിക്കുക.

3. പുതിയതായി 650 പേർക്ക് പരിശീലനം നൽകുക.

4. പുതിയ 20 റെഡിമെയ്ഡ് പാവ് യൂണിറ്റുകൾ സ്ഥാപിക്കുക.

5. പുതിയ 25 വർക്ക് ഷെഡ്ഡുകൾ സ്ഥാപിക്കുക.

6.നിലവിലെ 60 പഴയ വർക്ക് ഷെഡ്ഡുകൾ റിപ്പയർ ചെയ്യുക

7.പ്രവർത്തന മൂലധനം നൽകുക.

8.പുതിയതായി ഡൈ ഹൌസ് സ്ഥാപിക്കുക.

9.10,000 ച.മീറ്റർ വിസ്തീർണ്ണത്തിൽ ഒരു കോട്ടൺ ഗോഡൌൺ സ്ഥാപിക്കുക.

10.പുതിയതായി ഒരു സിൽക്ക് യൂണിറ്റ് സ്ഥാപിക്കുക.

സെക്ഷൻ ഓഫീസർ